**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 321** **27-10-2021 - ൽ മറുപടിയ്ക്ക്**

**സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ , ശ്രീ പി എസ് സുപാൽ, ശ്രീ. വി. ആർ. സുനിൽകുമാർ, ശ്രീ. വാഴൂർ സോമൻ** | | **Shri M. V. Govindan Master (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളിലെ ഭരണ നിർവ്വഹണ നടപടികളും സേവനങ്ങളും ജനങ്ങൾക്ക് വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിനായി സിറ്റിസൺ പോർട്ടൽ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കാത്ത 632 ഗ്രാമ പഞ്ചായത്തുകളിൽ 2021 സെപ്റ്റംബർ ഒന്നാം തീയതി മുതൽ സിറ്റിസൺ സർവീസ് പോർട്ടൽ നടപ്പിലാക്കിയിട്ടുണ്ട്.ഗ്രാമ പഞ്ചായത്തുകൾ മുഖേന നൽകി വരുന്ന 213 സേവനങ്ങൾക്കു ഓൺലൈൻ ആയി അപേക്ഷിക്കുന്നതിനും തുക ഒടുക്കുന്നതിനും സർട്ടിഫിക്കറ്റുകൾ ഡൌൺലോഡ് ചെയ്യുന്നതിനും സിറ്റിസൺ സർവീസ് പോർട്ടലിൽ സംവിധാനം ലഭ്യമാണ് . |
| (ബി) | സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സംവിധാനത്തിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയർ വിന്യസിച്ച ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിന് റിവ്യൂ മീറ്റിംങ് നടത്തുന്നുണ്ട്. ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയർ സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഉയർന്ന് വരുന്ന, സംശയങ്ങളും പരാതികളും ഐ.കെ.എം മുഖേന പരിഹരിച്ച നൽകുന്നുണ്ട്.ഐ.എൽ.ജി.എം.എസ്. വിന്യസിച്ച ഗ്രാമപഞ്ചായത്തുകളിലേക്ക് നിയമിക്കുന്ന ജീവനക്കാർക്ക് സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിനുള്ള പരിശീലനം നൽകുന്നുണ്ട്. |
| (സി) | ഐ.എൽ.ജി.എം.എസ്. പദ്ധതി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ; | (സി) | നിലവിൽ കേരളത്തിലെ 309 ഗ്രാമപഞ്ചായത്തുകളിൽ ഐ.എൽ.ജി.എം.എസ്. വിന്യസിച്ചിട്ടുണ്ട്.കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കുന്നതിലേക്കായുള്ള വിശദമായ പ്രൊപ്പോസൽ-കം-ആക്ഷൻ പ്ലാൻ ഇൻഫർമേഷൻ കേരള മിഷൻ സർക്കാരിലേക്ക് സമർപ്പിക്കുകയും സർക്കാർ അത് പ്രാഥമികമായി അംഗീകരിക്കുകയും വിശദമായ സാങ്കേതിക പരിശോധനക്കായി കേരള |

| | | | |
|---|---|---|---|
| | | | സ്റ്റേറ്റ് ഐ. ടി. മിഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട് .പ്രസ്തുത പ്രൊപ്പോസൽ-കം-ആക്ഷൻ പ്ലാനിന്റെ സാങ്കേതിക പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക്കേരളത്തിലെ എല്ലാ തദ്ദേശ സ്വയഭരണ സ്ഥാപനങ്ങളിലും ഐ.എൽ.ജി.എം.എസ്. നടപ്പിലാക്കുന്നതിലേക്കായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | ഗ്രാമപഞ്ചായത്തുകളിലെ ഭരണ നിർവ്വഹണ നടപടികളും സേവനങ്ങളും സാങ്കേതികവിദ്യാധിഷ്ഠിതമായി പരിഷ്ക്കരിക്കുക എന്നത് മുൻഗണന കർമ്മപദ്ധതിയായി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഗ്രാമപഞ്ചായത്തുകളിലെ ഭരണ നിർവ്വഹണ നടപടികളും സേവനങ്ങളും സാങ്കേതികവിദ്യാധിഷ്ഠിതമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഐ.എൽ.ജി.എം.എസ്, ഐ.എൽ.ജി.എം.എസ്-ന്റെ ഭാഗമായ സിറ്റിസൺ പോർട്ടൽ, എന്നിവ ഇതിന്റെ ഭാഗമായി നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ